*ഹയർസെക്കൻഡറി വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ്ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/2020/SWS/HSE/2010** **23rd November 2010**

## <u>സർക്കുലർ</u>

## മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്: പാസ്സ് വേഡ് റീസെറ്റ് ചെയ്യുന്നത് സംബന്ധിച്ച്

**സൂചന:** Circular No.Acd.SPC/1/25946/HSE/2010 Dated 18-11-2010

സൂചനയിലെ സർക്കുലർ പ്രകാരം 2007-08 അക്കാദമിക വർഷം മുതൽ സ്കൂളുകളിൽ ലഭിച്ചിട്ടുള്ള മെരിറ്റ് കം മീൻസ് സ്കോളർഷിപ്പിന്റെ വിശദാംശങ്ങൾ **www.hscap.kerala.gov.in/hitc** എന്ന വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യാൻ പ്രിൻസിപ്പൽമാർക്ക് നിർദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത വെബ്സൈറ്റിലേക്ക് ലോഗിൻ ചെയ്യുന്നത് സംബന്ധിച്ച് നിരവധി സംശയങ്ങൾ സ്കൂളുകളധികൃതർക്കുള്ളതായി അറിയുന്നു.

2009-10, 2010-11 അക്കാദമിക വർഷങ്ങളുടെ ആരംഭത്തിൽ സ്കൂളിന്റെ പൊതുവിവരങ്ങളും പ്രിൻസിപ്പലിന്റെയും HITC യുടെയും വ്യക്തിവിവരങ്ങളും സ്കൂളുകളിൽ നിന്ന് അപ്‌ലോഡ് ചെയ്യത് മുകളിൽ സൂചിപ്പിച്ച വെബ്സൈറ്റിലേക്കാണ്. സ്കൂളുകൾ സ്കൂൾ കോഡ്_adm എന്ന യൂസർ ഐ.ഡി.യും admin എന്ന ഡിഫോൾട്ട് പാസ് വേഡുമുപയോഗിച്ചാണ് ലോഗിൻ ചെയ്ത് സ്കൂൾ വിവരങ്ങൾ നൽകിയിട്ടുള്ളത്. ലോഗിൻ ചെയ്തയുടൻ പ്രിൻസിപ്പൽമാർ ഡിഫോൾട്ട് പാസ് വേഡ് മാറ്റി പുതിയ പാസ് വേഡ് നൽകിയിട്ടുള്ളതുമാണ്. അങ്ങനെ മാറ്റിയ പാസ് വേഡ് തുടർന്നുള്ള ഉപയോഗത്തിനായി സൂക്ഷിക്കണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുണ്ടായിരുന്നു. ഏതെങ്കിലും കാരണവശാൽ സ്കൂളധികൃതർ നൽകിയ പാസ് വേഡ് മറന്ന് പോയിട്ടുണ്ടെങ്കിൽ താഴെ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ പാലിക്കുക.

ഏകജാലക പ്രവേശനം സംബന്ധിച്ച കാര്യങ്ങൾക്ക് ഹയർസെക്കൻഡറി ഡയറക്ടറേറ്റുമായി ബന്ധപ്പെടുന്നതിന് ഓരോ ജില്ലക്കുമനുവദിച്ചിട്ടുള്ള ഇ-മെയിൽ വിലാസത്തിലേക്ക് പാസ് വേഡ് റീസെറ്റ് ചെയ്തുതരാനായി ആവശ്യപ്പെട്ടുകൊണ്ട് മെയിൽ ചെയ്യുക. മെയിലിന്റെ സബ്ജക്റ്റായി സ്കോളർഷിപ്പ് ഡീറ്റയിൽസ് എൻട്രി, പാസ് വേഡ് റീസെറ്റ് എന്നും സ്കൂളിന്റെ കോഡും കാണിച്ചിരിക്കണം. പ്രിൻസിപ്പലാണ് പാസ് വേഡ് റീസെറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ മെയിൽ ചെയ്യേണ്ടത്. സ്കൂളിനെ സംബന്ധിക്കുന്ന ആധികാരികമായ പലവിവരങ്ങളും ഈ വെബ്സൈറ്റ് വഴി ശേഖരിക്കുന്നതിനാൽ പാസ് വേഡ് റീസെറ്റ് ആവശ്യപ്പെടുന്നത് പ്രിൻസിപ്പൽതന്നെയാണെന്ന് ഉറപ്പ് വരുത്തുന്നതിന് സ്കൂളിന്റെ മെയിൽ അഡ്രസ്സിൽ നിന്ന് (ഇതേ വെബ്സൈറ്റിൽ ആധികാരിക ഇ-മെയിൽ വിലാസമായി സ്കൂളിൽ നിന്ന് നൽകിയിട്ടുള്ള അഡ്രസ്സ്) തന്നെയാവണം റീസെറ്റ് ചെയ്യാനുള്ള അപേക്ഷ അയക്കേണ്ടത്. അല്ലാത്ത അപേക്ഷകളോ ഫോൺ മുഖേനെയുള്ള റീസെറ്റ് അപേക്ഷയോ പരിഗണിക്കുന്നതല്ല. വിവിധ ജില്ലകളിലെ അപേക്ഷകൾ മെയിൽ ചെയ്യേണ്ട അഡ്രസ്സുകൾ താഴെ സൂചിപ്പിക്കുന്നു.

**<u>ജില്ല(മെയിൽ അഡ്രസ്സ്) എന്ന ക്രമത്തിൽ</u>**

തിരുവനന്തപുരം(highsectvm@gmail.com), കൊല്ലം(highsecklm@gmail.com), പത്തനംതിട്ട(highsecpta@gmail.com), ആലപ്പുഴ(highsecalp@gmail.com), കോട്ടയം(highsecktm@gmail.com), ഇടുക്കി(highsecidk@gmail.com), എറണാകുളം(highsecekm@gmail.com), തൃശ്ശൂർ(highsectsr@gmail.com), പാലക്കാട്(highsecplkd@gmail.com), മലപ്പുറം(highsecmlpm@gmail.com), കോഴിക്കോട്(highseckkd@gmail.com), വയനാട്(highsecwyd@gmail.com), കണ്ണൂർ(highsecknr@gmail.com), കാസറഗോഡ്(highsecksd@gmail.com)

**പ്രത്യേക ശ്രദ്ധക്ക്: വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണ്.**

ഒപ്പ്

**ഡയറക്ടർ**